ഉത്തരം

(എ) യൂണിറ്റൊന്നിന് ശരാശരി 36 പൈസ.

(ബി) 1982 സെപ്റ്റംബർ മുതൽ 1986 സെപ്റ്റംബർ ഉൾപ്പെടെയുള്ള കാലഘട്ടത്തിൽ നിലനിന്ന നിരക്ക് യൂണിറ്റൊന്നിന് ശരാശരി 44 പൈസ. പിന്നീട് ഇത് വ്യത്യാസപ്പെടുത്തിയിട്ടില്ല. വ്യത്യാസം—യൂണിറ്റൊന്നിന് 8 പൈസ.

വിദ്യുച്ഛക്തി ബോർഡിൽ കുറവു വരുത്തിയ തസ്തികകൾ

589 [796] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വിദ്യുച്ഛക്തി ബോർഡിൽ ഈ വർഷം കുറവു വരുത്തിയിട്ടുള്ള മൊത്തം തസ്തികകൾ എത്ര എന്നും അവയുടെ ഇനം തിരിച്ചുള്ള കണക്കുകളും വ്യക്തമാക്കാമോ ;

(ബി) ഇത്രയും തസ്തികകൾ കുറവു വരുത്തിയതിന്റെ കാരണമെന്താണ് ;

(സി) ഇതേ സംബന്ധിച്ചുള്ള യൂണിയനുകളുടെ പ്രതികരണങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) മാനേജ്മെന്റ് ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിലാണോ തസ്തികകളുടെ എണ്ണം കുറവു ചെയ്തിട്ടുള്ളത് ;

(ഇ) ആണെങ്കിൽ എന്നത്തെ കരാറിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എഴുപതു തസ്തികകൾ.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.)—4
സബ്-എഞ്ചിനീയർ (ഇല.)—28
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)—1
സബ് എഞ്ചിനീയർ (സിവിൽ)—7
ഓവർസീയർ—2
ജൂനിയർ സൂപ്രണ്ട്—2
സീനിയർ സൂപ്രണ്ട്—26

(ബി) അനാവശ്യമായ ചെലവു കുറയ്ക്കാനാണ്. കാര്യക്ഷമത ബലികഴിക്കാതെ ഭരണപരമായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ കൊണ്ടും.

(സി) ഉണ്ട്.

(ഡി യും ഇ യും) ബന്ധപ്പെട്ട യൂണിയനുകളുമായി ചർച്ച ചെയ്തു ചില തസ്തികകൾ ഏകീകരിക്കുന്നതിന് 28-7-1986-ൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കാര്യക്ഷമത ബലികഴിക്കാതെ ഭരണപരമായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ കൊണ്ടാണ് തസ്തികകളുടെ എണ്ണം കുറവു ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly